**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 198** | **10-06-2024 - ൽ മറുപടിയ്ക്ക്**

**കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിൽ അനുമതി നൽകിയ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണവും അത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളും അറിയിക്കാമോ; | (എ) | കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രിയിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മാണം നടത്തുവാൻ പൊതുമരാമത്ത് വകുപ്പിന് മതിയായ സാങ്കേതിക വിദ്യ ലഭ്യമല്ലാത്തതിനാൽ മേൽ പ്രവൃത്തിയിൽ നിപുണരായ സർക്കാർ അംഗീകൃത ഏജൻസിയായ ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡ് എന്ന സ്ഥാപനം ലഭ്യമാക്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർ പൊതുമരാമത്ത് വകുപ്പിന് സമർപ്പിച്ചിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത പ്ലാന്റിന് അനുമതി നൽകിയത് എന്നാണെന്നും നിർമ്മാണ കാലാവധി എന്നുവരെയാണെന്നും അറിയിക്കാമോ; | (ബി) | 03/06/2019 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 1337/2019/ആ.കു.വ സർക്കാർ ഉത്തരവ് പ്രകാരമാണ് സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് അനുമതി നൽകിയത്. പ്രസ്തുത പ്രവൃത്തി പൊതുമരാമത്ത് വകുപ്പാണ് ചെയ്യുന്നത്. നാളിതുവരെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. |
| (സി) | 2020-നു ശേഷം സംസ്ഥാനത്ത് ഏതൊക്കെ ആശുപത്രികളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിച്ചിട്ടുണ്ടെന്നും അവ ഓരോന്നിന്റെയും നിർമ്മാണം നടത്തിയത് ആരാണെന്നും അറിയിക്കാമോ; | (സി) | 1. ജനറൽ ആശുപത്രി തൃശ്ശൂരിൽ സീവേജ് ട്രീറ്റ്മെൻറ് പ്ലാൻറ് നിർമ്മിച്ചിട്ടുണ്ട്. അമൃതം പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ കോർപ്പറേഷനാണ് പ്ലാൻറിന്റെ നിർമ്മാണം നടത്തിയിട്ടുള്ളത്.<br>2. ചാലക്കുടി താലൂക്കാസ്ഥാന ആശുപത്രിയിൽ സീവേജ് ട്രീറ്റ്മെൻറ് പ്ലാൻറിൻറെ നിർമ്മാണം പൂർത്തീകരിച്ചത് KERALA ELECTRICAL AND ALLIED ENGINEERING CO. LTD എന്ന സ്ഥാപനമാണ് |
| (ഡി) | കൊടുങ്ങല്ലൂർ ആശുപത്രിയിൽ പ്ലാന്റിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കും എന്ന് വ്യക്തമാക്കാമോ? | (ഡി) | സീവേജ് ട്രീറ്റ്മെൻറ് പ്ലാൻറ് നിർമ്മാണം എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് അറിയിച്ചുകൊണ്ട് പൊതുമരാമത്ത് വകുപ്പിന് 28/10/2023-ന് ആരോഗ്യവകുപ്പ് ഡയറക്ടർ കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ